LIBRARY ARCHIVES Kerala Legislative Assembly

നെടുമങ്ങാട് വലിയമലയിൽ LPSC-യുടെ വികസനവുമായി ബന്ധപ്പെട്ട് 15-5-2019-ലെ അസാധാരണ ഗസറ്റ് നമ്പർ 1177 പ്രകാരം പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. LPSC-യുടെ വികസനത്തിനായി പ്രസ്തുത സ്ഥലം ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഏറ്റെടുക്കൽ നപടികൾ ആരംഭിച്ചിട്ടുള്ളത്.

(ബി) എങ്കിൽ സ്ഥലം ഏറ്റെടുക്കൽ നിയമത്തിലെ 19 (1) വകുപ്പ് പ്രകാരം സർക്കാരിന്റെ പ്രഖ്യാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

പൊന്നും വില നടപടികളുമായി ബന്ധപ്പെട്ടുള്ള 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിയിട്ടില്ല. പൊന്നും വില നിയമത്തിന്റെ (LARR Rules, 2015) ചട്ടം 4(6) പ്രകാരം ഏറ്റെടുക്കലിന്റെ മുഴുവൻ തുകയും അർത്ഥനാധികാരി ലഭ്യമാക്കാത്തതിനാലാണ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്താൻ സാധിക്കാത്തത്.

(സി) ഇതുസംബന്ധിച്ച് ഐ.എസ്.ആർ.ഒ-യും എൽ.പി.എസ്.സി-യും ഈ പ്രഖ്യാപനങ്ങൾ നീട്ടി വയ്ക്കാൻ പറയുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച് അവർ സർക്കാരിലേക്ക് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് Department of Space-ൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറക്ക് മാത്രമേ തുക കൈമാറുവാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചു കൊണ്ട് 23-9-2020, 13-4-2021 തീയതികളിൽ അർത്ഥനാധികാരി കത്ത് നൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

പാലാ കളരിയാമക്കൽ പാലം അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച്

321(4331) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ - ഭരണങ്ങാനം ചെർപ്പുങ്കൽ റോഡിലെ കളരിയാമക്കൽ പാലം ജലവിഭവ വകുപ്പ് പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടില്ലാത്തതിനാൽ പാലം ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിനാൽ സ്ഥലം ഏറ്റെടുത്ത് നിലവിലുള്ള മറ്റുറോഡുകളുമായി ബന്ധിപ്പിച്ച് പാലം ഉപയോഗയോഗ്യമാക്കുന്നതിന് സർക്കാർ അനുവദിച്ച 13.39 കോടി രൂപ വിനിയോഗിച്ച് പാലം ഗതാഗതയോഗ്യമാക്കുമോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി പൊതുമരാമത്ത് നിരത്ത് വകുപ്പിൽ നിന്നും 13-1-2021-ലാണ് കോട്ടയം ജില്ലാ കളക്ടർക്ക് റിക്വിസിഷൻ ലഭ്യമാക്കുകയും പ്രസ്തുത അർത്ഥന പ്രകാരം കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി പൊന്നും വില ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) പാലായെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതുമാണ്. സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മാക്കേകടവ്-നേരെകടവ് പാലം

322(4332) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാക്കേകടവ്-നേരെകടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്കുള്ള പുനരധിവാസ പാക്കേജ് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മാക്കേക്കടവ്-നേരെകടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിയിലെ ബാധിതർക്കുള്ള പുനരധിവാസ പാക്കേജ് 19-7-2021 തീയതിയിൽ പുനരധിവാസ കമ്മീഷണർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഏറ്റുമാനൂർ - എറണാകുളം റോഡിലെ വളവ് നികത്തുന്നതിന് നടപടി

323(4333) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ - എറണാകുളം റോഡിലെ വളവുകൾ നികത്തുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ഇഴഞ്ഞു നീങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ?